# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2517** **19.03.2015** - ൽ മറുപടിക്ക്

## മിനറൽ വാട്ടർ എന്ന പേരിൽ വിതരണം ചെയ്യുന്ന മലിനജലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മിനറൽ വാട്ടർ എന്ന പേരിൽ കുപ്പികളിൽ വിതരണം ചെയ്യുന്ന ജലത്തിൽ കോളി ഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്ന തോതിൽ അടങ്ങിയിട്ടുള്ള കാര്യം സംസ്ഥാന ജലഅതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബോറട്ടറിയുടെ പരിശോധനയിൽ കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മിനറൽ വാട്ടർ എന്ന പേരിൽ സാമ്പിളുകളൊന്നും തന്നെ കേരള വാട്ടർ അതോറിറ്റിയിൽ പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല. വിപണനം നടത്തുന്ന മിനറൽ വാട്ടറുകളുടെ ഗുണനിലവാര പരിശോധന കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ വരുന്ന പ്രവൃത്തിയല്ല. |
| (ബി) മിനറൽ വാട്ടർ എന്ന പേരിൽ ശുദ്ധീകരിക്കാത്ത കുപ്പിവെള്ളം വിതരണം ചെയ്യുന്നവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) & (സി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) തമിഴ്നാട്ടിൽ നിന്നും വരുന്ന കമ്പനികളുടെ ബ്രാൻഡ് നെയിം ഒട്ടിച്ച മലിനജലം ഉൾക്കൊള്ളുന്ന കുപ്പികൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ തടയാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | |
| (ഡി) സംസ്ഥാനത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (ഡി) സംസ്ഥാനത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് ഭൂജല വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കുടിവെള്ളം കൊണ്ടുവരുന്ന ടാങ്കർ ലോറികൾ പിരീയോഡിക്കലായി കഴുകി വൃത്തിയാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ